പ്രദേശങ്ങളിൽ 28 കിലോ മീറ്റർ നീളത്തിൽ സോളാർ എനർജി ഉപയോഗിച്ചുള്ള വൈദ്യുത കമ്പിവേലി കെട്ടുവാനുള്ള 24,40,000 രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പ്രോജക്ട് റിപ്പോർട്ട് ഡി. എഫ്. ഒ. മണ്ണാർക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. കോട്ടത്തറ ഭാഗം ഉൾപ്പെടുന്ന മണ്ണാർക്കാട് ഡിവിഷനിൽ കാട്ടാനകൾ കൂട്ടത്തോടെ ഇറങ്ങി കൃഷി നശിപ്പിച്ചതിന് നഷ്ടപരിഹാരത്തിനായി 84 അപേക്ഷകൾ ലഭിച്ചു. ഇതിൽ യോഗ്യമായ 66 അപേക്ഷകളിൽ 70,550 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) (എ) വിഭാഗത്തിനു നൽകിയിട്ടുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുള്ള പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കാട്ടാനശല്യം

15 (775) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ വൈത്തിരി പഞ്ചായത്തിലെ തളിപ്പുഴ എന്ന പ്രദേശത്ത് കാട്ടാനയുടെ ആക്രമണം കാരണം ഒരാൾ മരണപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആരാണ് മരണപ്പെട്ടതെന്നും അദ്ദേഹത്തിന്റെ കുടുംബത്തിന് ഗവൺമെന്റ് എന്തു ധനസഹായമാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(സി) കാട്ടാനയുടെ ശല്യം ഒഴിവാക്കുന്നതിന് ഇതിനകം ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കാട്ടാനയുടെ ശല്യം ഒഴിവാക്കുന്നതിന് ഈ പ്രദേശത്ത് വൈദ്യുതി കമ്പിവേലി കെട്ടുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊന്നു എസ്റ്റേറ്റിലെ മാനേജരായ കോറേറ്റ എന്നയാളാണ് മരണപ്പെട്ടത്. ധനസഹായം നൽകുന്നതിന് യാതൊരു അപേക്ഷയും ലഭിച്ചിട്ടില്ല.

(സി&ഡി) മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിനായി പ്രതിരോധ മാർഗ്ഗങ്ങളായ കയ്യാലകൾ, വൈദ്യുത കമ്പിവേലികൾ, കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്നുണ്ട്. ഈ സാമ്പത്തികവർഷം കാട്ടാനകളുടെ ശല്യമുള്ള മേപ്പാടി റെയിഞ്ചിലെ ബടേരി സെക്ഷനിൽ ചേലാടി മുതൽ ചെല്ലംകോട് വരെ 4 കിലോമീറ്റർ നീളത്തിൽ 1,68,790 - തുക ചെലവിൽ വൈദ്യുതി കമ്പിവേലി നിർമ്മിക്കുന്നുണ്ട്.

(ഇ) ഇതിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly